**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6735** **21-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പ്രൈമറി അറബിക് അദ്ധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ എത്ര പ്രൈമറി അറബിക് അദ്ധ്യാപക തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **ഗവൺമെന്റ്/ എയ്ഡഡ് മേഖലയിൽ 364 അദ്ധ്യാപക തസ്തികകൾ ഉണ്ട്.** |
| (ബി) | പ്രസ്തുത തസ്തികളിലേക്ക് യോഗ്യരായ അദ്ധ്യാപകരെ ലഭിക്കണമെങ്കിൽ ജില്ലയിൽ ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) പഠന സെന്റർ അത്യന്താപേക്ഷിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) അറബിക് പഠന സെന്റർ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡി.എൽ.എഡ് (അറബിക്) പഠന സെന്ററുകൾ ഇല്ല. |
| (ഡി) | കാസർഗോഡ് ഡയറ്റിൽ (ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് ) ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) അറബിക് കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ കാസറഗോഡ് ഡയറ്റിൽ ഡി.എൽ.എഡ് അറബിക് കോഴ്സ് തുടങ്ങാനാവശ്യമായ സ്ഥലസൗകര്യമോ കെട്ടിട സൗകര്യങ്ങളോ മറ്റ് അനുബന്ധ സൗകര്യങ്ങളോ ഇല്ല . |

സെക്ഷൻ ഓഫീസർ